LIBRARY ARCHIVES Kerala Legislative Assembly

ഉണ്ട്. വ്യാജ ഇ-മെയിൽ ഐഡി ഉണ്ടാക്കി പണപ്പിരിവ് നടത്തുന്നതുമായി ബന്ധപ്പെട്ട് നാല് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇത് തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഇത്തരത്തിലുള്ള സാമ്പത്തിക തട്ടിപ്പുകൾ സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ നിലവിലുള്ള നിയമങ്ങൾ പ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതും കൂടാതെ ഇത്തരം കുറ്റകൃത്യങ്ങൾ സംബന്ധിച്ചും ചതിക്കുഴികളിൽ പെടാതിരിക്കുന്നതിനും പൊതുജനങ്ങളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി വിവിധ സംഘടനകളുടെയും ക്ലബ്ബുകളുടെയും റസിഡൻസ് അസോസിയേഷനുകളുടെയും ജില്ലാ സൈബർ സെല്ലുകളുടെയും നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെയും സോഷ്യൽ മീഡിയയിലൂടെയും നിർദ്ദേശങ്ങൾ നൽകിയും ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യാവൂർ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

66 (72) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 18-02-2021-ന് ഉദ്ഘാടനം നിർവ്വഹിച്ച പയ്യാവൂർ പോലീസ് സ്റ്റേഷന്റെ പുതിയ കെട്ടിടം പ്രവർത്തനക്ഷമമായോ എന്ന് വെളിപ്പെടുത്തുമോ;

&

(ബി) ഇല്ലെങ്കിൽ അതിനുള്ള തടസ്സങ്ങൾ എന്താണെന്നും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

പോലീസ് സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. കെട്ടിട നമ്പർ ലഭിക്കുന്ന മുറയ്ക്ക് പോലീസ് സ്റ്റേഷനായി സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുകയും ചെയ്യുന്നതാണ്.

(സി) തടസ്സങ്ങൾ പരിഹരിച്ച് പോലീസ് സ്റ്റേഷന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.